**ആർ.ബി.ഐ. / 2006-2007/ 318**

RPCD.CO.RF. BC.No. 70 /07.38.01/2006-07 ഏപ്രിൽ 12,2007

ചെയർ പേഴ്സൺ / സി.ഇ.ഓ

എല്ലാ സംസ്ഥാന / ജില്ലാ സഹകരണ ബാങ്കുകൾ

പ്രിയപ്പെട്ട സർ,

**വ്യക്തിഗത നിക്ഷേപ അക്കൗണ്ടുകളിൽ നോമിനേഷൻ സൗകര്യം**

ദയവായി നിക്ഷേപ അക്കൗണ്ട് ഉള്ളവർക്ക് നോമിനേഷൻ സൗകര്യത്തിന്റെയും സർവൈവർഷിപ്പ് വകുപ്പിന്റെയും ആനുകൂല്യങ്ങളെ പറ്റി വ്യാപകമായ ധാരണയും മാർഗ്ഗനിർദ്ദേശവും നൽകാൻ ഉപദേശിക്കുന്ന മേൽപറഞ്ഞ വിഷയത്തിലുള്ള 2005, ജൂലായ് 12 ലെ സർക്കുലർ ആർപിസിഡി. സിഒ.ആർഎഫ്. ബിസി.നമ്പർ.12 / 07.38.01 / 2005-06 ന്റെ 9-ാം ഖണ്ഡിക ശ്രദ്ധിക്കുക. ഇക്കാര്യത്തിൽ ഏറ്റവും മികച്ച ശ്രമങ്ങൾ നടന്നിട്ടും ബാങ്കുകൾ ഇപ്പോഴും നോമിനേഷൻ കൂടാതെ തന്നെ ഏക നിക്ഷേപ അക്കൗണ്ടുകൾ തുറക്കുന്നുവെന്നാണ് ഞങ്ങൾ അറിയുന്നത്.

2. അലഹബാദ് ഹൈക്കോടതിക്ക് മുന്നിൽ വന്ന ഒരു കേസിൽ മാന്യകോടതി ഇപ്രകാരം വിലയിരുത്തുന്നു. **"നിക്ഷേപകർ നോമിനിയുടെ പേരു നൽകാതെ വ്യക്തിഗത നിക്ഷേപ സേവിങ്ങ്സ് അക്കൗണ്ടോ സ്ഥിരനിക്ഷേപ അക്കൗണ്ടോ ഒരു പേരിൽ സ്വീകരിക്കരുതെന്ന് റിസർവ് ബാങ്ക് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കും. ഇത് തങ്ങൾക്കവകാശപ്പെട്ട തുക നേടുന്നതിന് കോടതിയിൽ നീണ്ട നടപടികളിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്ന നിഷ്കളങ്കരായ വിധവകൾക്കും കുട്ടികൾക്കും വളരെ പ്രയോജനപ്രദമാകും."**

3. ഇക്കാര്യത്തെ മുൻനിർത്തി അക്കൗണ്ട് തുടങ്ങുന്ന വ്യക്തിയെ നോമിനേഷൻ നൽകുവാൻ നിർബന്ധിക്കണമെന്ന് ബാങ്കുകളോട് നിർദ്ദേശിക്കുന്നു. അക്കൗണ്ട് തുടങ്ങുന്ന വ്യക്തി നോമിനേഷൻ നൽകാൻ വിസമ്മതിക്കുകയാണെങ്കിൽ ബാങ്ക് നോമിനേഷൻ സൗകര്യത്തിന്റെ ഗുണങ്ങൾ വിശദീകരിക്കേണ്ടതാണ്. എന്നിട്ടും അക്കൗണ്ട് തുടങ്ങുന്ന വ്യക്തി നോമിനേഷൻ നൽകാൻ തയ്യാറല്ലെങ്കിൽ തനിക്ക് നോമിനേഷൻ നൽകാൻ താല്പര്യമില്ലെന്ന് ബാങ്ക് എഴുതി വാങ്ങിക്കണം. ഇങ്ങനെ ഒരു കത്ത് നൽകാനും അക്കൗണ്ട് തുടങ്ങുന്ന വ്യക്തി വിസമ്മതിക്കുകയാണെങ്കിൽ ബാങ്ക് ഇക്കാര്യം അക്കൗണ്ട് തുറക്കുന്നതിനുള്ള ഫോറത്തിൽ രേഖപ്പെടുത്തണം, മറ്റു രീതിയിൽ അക്കൗണ്ട് തുടങ്ങാൻ അയാൾ അർഹനാണെങ്കിൽ.

നാമനിർദ്ദേശം ചെയ്യാൻ വിസമ്മതിക്കുന്നതുകൊണ്ടു മാത്രം അക്കൗണ്ട് തുടങ്ങാൻ ബാങ്കുകൾ വിസമ്മതിക്കരുത്.

4.സോൾ പ്രോപ്പറൈറ്ററി കൺസേൺ -ന്റെ  പേരിലുള്ള നിക്ഷേപ അക്കൗണ്ടുകളിൻ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന നടപടികൾ സ്വീകരിക്കാൻ ബാങ്കുകളോട് നിർദ്ദേശിക്കുന്നു.

5.ദയവായി ഞങ്ങളുടെ പ്രാദേശിക ഓഫീസിൽ കത്ത് കൈപ്പറ്റിയതായി അറിയിക്കുക.

വിശ്വസ്തതയോടെ

(സി. എസ്.മൂർത്തി)

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്ജ്